☎: General: 0471- 2312910, 2318153, 2318154, 2318155 Chairman: 2318150 Member Secretary: 2318151
e-mail: chn.kspcb@gov.in; ms.kspcb@gov.in FAX: 2318152 web: www.kspcb.kerala.gov.in
KERALA STATE POLLUTION CONTROL BOARD
കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
Pattom P.O., Thiruvananthapuram – 695 004
പട്ടം പി.ഒ., തിരുവനന്തപുരം - 695 004

File No: KSPCB/732/2023-SEE-3 Date: 10.08.2023

# STANDARD OPERATING PROCEDURE ON ACTION TO BE TAKEN IN CASE OF PERMITTED AND BANNED ITEMS USED FOR HOARDING

Ref: 1. GO No. 639/2023/LSGD dated 17.03.2023
2. GO No. 111/2019/LSGD dated 29.08.2021
3. Technical Report from CIPET

## Introduction

As per various Govt Orders (G.O.) annexed, PVC flex, polyester, nylon, Korean cloth and cloth with plastic coating are banned in Kerala and these shall not be used as hoarding/ banner material. Different types of banner printing material include cloth, flex, star flex and different types of vinyl. Of these, only recyclable 100% cotton cloth and polyethylene are permitted for making banners as per G.O.s.

## Recycling of PVC flex banner

PVC flex banner is non-biodegradable material. Recycling industries to recycle/re use PVC flex banner is limited. The following reasons limit the recycling of PVC flex banners. **(Reference 3).**

- Recycling of PVC is difficult because the presence of additives like plasticizers and stabilizers etc. The additives include heavy metals which may contaminate the main recycling streams. There is no economically viable technique is available to remove the heavy metals.
- PVC is one of the largest sources of dioxins. During subsequent recycling, the product is subjected to high temperature. At this temperature it may release the toxic chemical, dioxin which is proven to be a dangerous to living organisms.

- As the recycling/reuse options of PVC flex banners are limited, these banners may be land filled or incinerated which may create serious environmental issues.
- Land filling of PVC flex banners may lead to leaching of plasticizers, mainly phthalates which are carcinogenic and cause damage of kidney and reproductive system.
- Burning of PVC flex banners releases harmful pollutants like sulphates and nitrates which are heavier than air and forms a thick blanket and diminishing the supply of oxygen in the vicinity.
- Apart from the toxicity associated with the additives used in the production of PVC flex banner, recycling process is not economically viable.
- Recycling/reuse of banned items mentioned is not possible in the present scenario in the State and if permitted as hoarding material may end up as litter or in land fill or generate carcinogenic toxins when burnt.

**Registration of Printing Material**

**As per the**_GO No. 639/2023/LSGD dated 17.03.2023, advertising campaign boards, hoardings, shop board etc can be used and printed only on Pollution Control Board certified recyclable 100% cotton or polyethylene material. The Material should be with "**PVC free, recyclable**" logo, name of printing unit, phone number and certificate from Pollution Control Board (see para 2). Failure to comply with the above is illegal and attracts action. The agencies working in this field may be classified as manufactures, distributors, printing presses and consumers. There are no manufactures in Kerala, as of now. It is the responsibility of the manufacturer/distributor to provide adequate details/documents to the distributor/printer to confirm that the material manufactured is permitted in Kerala for use as hoarding material.

## A. Certification of material

1. It has to be ensured that only 100% cotton or polyethylene shall only used for making banners. For ensuring this, sample cloth material and polyethylene are to be sent to Textile Committee and Central Institute of Petrochemicals Engineering & Technology (CIPET) respectively and they should confirm that the material is "100% cotton" and "PVC free recyclable poly ethylene" respectively.
2. For this, the manufacturer/distributor needs to submit written request to the Head Office of the Board describing the details of the product material along with a samples of the material (unprinted and printed samples) cut in an A3 size (2 nos). A DD for □5,000/-in favour of the Board payable at Thiruvananthapuram shall be attached along with the request letter. This is for meeting the sampling/ processing charges and other expenses of the Board. Cost of analysis shall be met by the applicant and payment has to be made directly to the following agencies. The Board on receipt of the application (format enclosed) shall forward (format is enclosed) the sample materials (2 nos) to the Textile Committee or CIPET as the case may be in the address given below:

a. Textiles Committee
Platinum
2nd Floor, Bank Road
Kannur – 670 001
Phone: 0497 – 2706390 , Mail : kannur.tc@nic.in

b. CIPET : Institute of Petrochemicals Technology (IPT)

HIL Colony, Edayar Road,
Udyogamandal. P.O. Kochi: 683 501
Phone : 0484 – 2547741
Mail: kochi@cipet.gov.in

The above agencies shall be requested to submit the detailed composition of the material sample (base material, coating, adhesive etc). They shall submit report to the Board along with a small piece of the material tested.

i. **Approval of application**

On receipt of the report from Textile Committee/CIPET and based on the recommendation, the Board may issue Certificate to the applicant along with a copy of test reports as stated above. The manufacturer/ distributor shall prepare a QR code to the Certificate issued by the Board which on scanning has to be lead detailing the contents of the Certificate. The manufacturer/distributor shall provide this QR code to the distributors (in the case of manufacturer) and printer units. The Board shall also upload copy of this letter in the official website for ready reference to the public. Copy of reports from CIPET/Textile Committee submitted directly by the unit need not be accepted.

ii. **Rejection of application**

On receipt of the report from Textile Committee/CIPET and based on the recommendation , the Board may reject the application in writing along with a covering letter detailing the findings and acknowledging the nature of the material and its permissibility.

3. Flex Printing Presses come under the consent purview of the Board. It comes under orange category. Such units should submit application online which is to be processed by the District Office of the Board concerned. The application shall be accompanied by an affidavit stating that "only recyclable and 100% cotton cloth or polyethylene alone will be used as printing material".

## B. COMPLAINT ENQUIRY

4. Enforcement Squads as per G.O. No.673/2023/LSGD dated 21.03.2023 are existing in all the districts for the purpose of inspection and checking for the presence of banned materials and to take action thereof. Many complaints are also being received by the public in this regard. QR code may be checked for verifying the authenticity. In the absence of certificate from the Pollution Control Board, samples may be collected for testing.
5. The District Office of the Board concerned may send specimen of the sample in A3 size to CIPET/Textile Committee directly, as the case may be, for testing. Cost of analysis charge shall be as per the GO No. 639/2023/LSGD dated 17.03.2023. Actual expense incurred by the Board may be collected from the occupier of the unit from which the sample is collected (distributor/printer). This is for meeting the sampling charges and other expenses of the Board. The Board may make the payment for analysis in advance and then direct the unit to remit the expenses incurred. On receipt of the analysis report, the Board shall forward copy of the analysis report with covering letter detailing the findings to the Regional Office, the Head Office, to the concerned unit from which the sample is collected and to the local body concerned for further action. The District Office shall submit a consolidated report of the action taken in this regard once in 6 months.
6. If a complaint is received or it is found that advertising campaign boards, hoardings and shop boards with PVC FREE, RECYCLABLE LOGO, NAME OF PRINTING UNIT AND BOARD'S CERTIFICATE are printed on the prohibited printing materials in such a way as to mislead enforcers (wrong information), then the details of violations with the test report shall be forwarded to the concerned local body for taking further action as per the GO.
7. The printer shall ensure that the QR code mentioned in para 2 is printed in all the banners. The full responsibility of illegal material used in the banner which is

displayed rests solely with the printer. Also such incidents may lead to revoke of the consent issued by the Board to the printer.

8. It is the duty of the consumer of the banner to remove the banner after the prescribed time and to submit it back to the printer. The printer on receipt of the returned banners shall make arrangements for transferring it to the concerned Haritha Karma Sena or to authorized recycler/re-processors.
9. If any manufacturer/distributor is found to be violating the provision of certificate, during random checking by KSPCB or based on verification by task force, a notice shall be issued by District Office Concerned. iii. An opportunity will be given to hear the manufacturer/distributor within fifteen days from the date of issuance of notice; prior to considering the case for cancellation or suspension of certificate issued by KSPCB . iv. The decision on cancellation or suspension of certificate will be intimated within 10 working days after hearing. v. The Environmental Engineer (in charge of Plastic Rules Section) may issue/reject/refuse Certificate as per the SOP and GO. The Member Secretary, KSPCB will be the final authority for taking decision on cancellation or suspension of Certificate.

**Sd/-**
**CHAIRMAN**

**Forwarded /By order**

**Environmental Engineer - 3**

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാനത്ത് പി.വി.സി. ഫ്ലക്സ് നിരോധിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്

സ.ഉ.(കൈ.) നം.111/2019/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം: 29.08.2019.

പരാമർശം: 1) 27.10.2015-ലെ സ.ഉ.(സാധാ)നം.3185/2015/തസ്വഭവ നമ്പർ ഉത്തരവ്

2) 07.06.2017-ലെ സ.ഉ.(സാധാ)നം.1898/2017/തസ്വഭവ നമ്പർ ഉത്തരവ്

3) ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 06.03.2018-ൽ കൂടിയ ഫ്ലക്സ് പ്രിന്റിംഗ് മേഖലയിലെ സംഘടന പ്രതിനിധികൾ, ഈ വിഷയവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തുടങ്ങിയവരുടെ യോഗതീരുമാനം

4) ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെഅദ്ധ്യക്ഷതയിൽ 08.05.2018-ൽ കൂടിയ സർവ്വകക്ഷി യോഗതീരുമാനം

5) 15929/2018 റിട്ട് ഹർജിയിന്മേൽ ബഹു.ഹൈക്കോടതി 11.05.2018 ൽ പുറപ്പെടുവിച്ച ഉത്തരവ്.

6) 7193/2019 റിട്ട് ഹർജിയിന്മേൽ ബഹു. ഹൈക്കോടതി 11.03.2019-ൽ പുറപ്പെടുവിച്ച ഉത്തരവ്

7) ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 02.08.2019-ലെ 3304/ജി/2016/ എസ്.എം. നമ്പർ കറിപ്പ്.

## ഉത്തരവ്

സംസ്ഥാനത്ത് പോളി വിനൈൽ ക്ലോറൈഡ് (പി.വി.സി) ഉപയോഗിച്ചുള്ള ഫ്ലക്സ് നിർമ്മാണവും ഉപയോഗവും അനിയന്ത്രിതമായി തുടരുകയും അത് വൻതോതിൽ പരിസ്ഥിതി മലിനീകരണത്തിന് കാരണമാവുകയും ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പരാമർശം (2) ഉത്തരവ് പ്രകാരം ഫ്ലക്സ് നിരോധനത്തിന്റെ പ്രായോഗികത സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ചുമതലപ്പെടുത്തിയ കമ്മിറ്റി പി.വി.സി. ഫ്ലക്സ് നിരോധനം നടപ്പിലാക്കാവുന്നതാണെന്ന് ശുപാർശ ചെയ്തു.

2. ഫ്ലക്സിന് നിരോധനം ഏർപ്പെടുത്തുന്ന കാര്യം ചർച്ച ചെയ്യുന്നതിനായി ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 06.03.2018-ന് ഫ്ലക്സ് പ്രിന്റിംഗ് മേഖലയിലെ സംഘടനാ പ്രതിനിധികൾ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ഈ മേഖലയിലെ വിദഗ്ധർ എന്നിവരുൾപ്പെട്ട ഒരു യോഗം ചേരുകയും ഫ്ലക്സ് ബോർഡുകളുടെ അനിയന്ത്രിതമായ ഉപയോഗം പരിസ്ഥിതി മലിനീകരണത്തിന് കാരണമാകുന്നതിനാൽ സംസ്ഥാനത്തൊട്ടാകെ ഫ്ലക്സിന് പകരമായി റിസൈക്കിൾ ചെയ്യാവുന്ന പോളി എഥിലീനോ (പോളിത്തീൻ) കോട്ടൺ തുണിയോ ഉപയോഗിക്കുവാൻ പരാമർശം (3) പ്രകാരം തീരുമാനിക്കുകയും ചെയ്തു.

3. ഫ്ലക്സ് നിരോധനം സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിനായി ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08.05.2018-ൽ ചേർന്ന സർവ്വകക്ഷിയോഗം, പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുന്നതും, റീസൈക്കിൾ ചെയ്യാൻ കഴിയാത്തതുമായ പി.വി.സി ഫ്ലക്സിന് പകരം പരിസ്ഥിതി സൗഹൃദമായ റീസൈക്കിൾ ചെയ്യാവുന്ന പോളി എഥിലീൻ (പോളിത്തീൻ) പോലുള്ള പദാർത്ഥങ്ങൾ ഉപയോഗിച്ചുള്ള പ്രിന്റിംഗ് ഈ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ തൊഴിൽ സംരക്ഷണം ഉറപ്പാക്കിക്കൊണ്ട് നടപ്പിലാക്കുവാൻ പരാമർശം (4) പ്രകാരം തീരുമാനിച്ചു. അതിനെ തുടർന്ന് പി.വി.സി.ഫ്ലക്സ് നിരോധനം സംബന്ധിച്ച് ശുചിത്വമിഷൻ തയ്യാറാക്കിയ ലഘുലേഖ സർവ്വകക്ഷിയോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മുഴുവൻ രാഷ്ട്രീയ പാർട്ടികൾക്കും നൽകുകയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുകയും ചെയ്തു.

4. സൈൻ പ്രിന്റിംഗ് ഇൻഡസ്ട്രീസ് അസോസിയേഷൻ സമർപ്പിച്ച WP(C) No.15929/2018-ന്മേൽ ബഹു. ഹൈക്കോടതി പരാമർശം (5) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ ബന്ധപ്പെട്ട കക്ഷികൾക്ക് പറയാനുള്ളത് ബോധിപ്പിക്കുന്നതിന് അവസരം നൽകണമെന്ന് ഉത്തരവാകുകയും അതിന്റെ അടിസ്ഥാനത്തിൽ ഭാരവാഹികൾക്ക് അതിനവസരം നൽകുകയും ചെയ്തു.

5. പരാമർശം (6)-ലെ ബഹു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പതിനേഴാം ലോക് സഭ തെരഞ്ഞെടുപ്പ് പ്രചാരണത്തിൽ സംസ്ഥാനത്തൊട്ടാകെ ഫ്ലക്സ് ബോർഡുകളുടെ ഉപയോഗം പൂർണ്ണമായും നിരോധിച്ചിരുന്നു.

6. പ്ലാസ്റ്റിക്, പി.വി.സി. എന്നിവ കൊണ്ട് നിർമ്മിതമായ ഫ്ളക്സുകൾ പ്രകൃതിക്കും മനുഷ്യർക്കും ദോഷകരമായ സാഹചര്യത്തിൽ തുണി, പേപ്പർ എന്നിവ ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ള ബാനറുകൾ ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കണമെന്നും തുണി, പേപ്പർ എന്നിവ ലഭ്യമാകാത്ത സാഹചര്യങ്ങളിൽ മാത്രം, പോളി എത്തിലീൻ നിർമ്മിത വസ്തുക്കളോ തുണിയും പേപ്പറും ഉപയോഗിച്ച് നിർമ്മിച്ച ജീർണ്ണിക്കുന്ന (ബയോ ഡീഗ്രേഡബിൾ) വസ്തുക്കളാൽ നിർമ്മിതമായ ബാനറുകളോ നിശ്ചിത നികുതി ഏർപ്പെടുത്തിക്കൊണ്ട് മാത്രം പ്രിൻറ് ചെയ്യുന്നതിന് അനുമതി നൽകാവുന്നതാണെന്നും പരാമർശം (7) പ്രകാരം ശുചിത്വമിഷൻ റിപ്പോർട്ട് സമർപ്പിച്ചു.

7. പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് ഫ്ളക്സ് ബോർഡുകൾക്ക് പകരം റീസൈക്കിൾ ചെയ്യാവുന്നതും പി.വി.സി. മുക്തവുമായ പോളി എത്തിലീൻ നിർമ്മിത വസ്തുക്കൾ ഉപയോഗിക്കുന്നതിന് അനുമതി നൽകിയിരുന്നു. പി.വി.സി. ഫ്ലക്സ് ഉപയോഗം തുടരുകയും അവയുടെ ഉല്പാദനത്തോത് ക്രമാതീതമായി വർദ്ധിക്കുകയും ചെയ്യുന്ന സാഹചര്യമാണുള്ളത്.

8. കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ 2018-ൽ ഭേദഗതി ചെയ്ത പ്രകാരമുള്ള, 2016-ലെ പ്ലാസ്റ്റിക് വേസ്റ്റ് (മാനേജ്മെന്റ്) ചട്ടങ്ങളിലെ ചട്ടം 9(3) പ്രകാരം പുന:ചംക്രമണം അല്ലെങ്കിൽ പുനരുപയോഗം സാദ്ധ്യമല്ലാത്ത മൾട്ടിലെയർ പ്ലാസ്റ്റിക്കുകളുടെ ഉപയോഗവും നിർമ്മാണവും ഘട്ടം ഘട്ടമായി രണ്ടു വർഷക്കാലയളവിനുള്ളിൽ ഉപേക്ഷിക്കേണ്ടതാണ്.

9. പി.വി.സി. ഫ്ലക്സിന് പകരം ഉപയോഗിക്കാവുന്നതും റീസൈക്കിൾ ചെയ്യാവുന്നതുമായ ഉല്പന്നങ്ങൾ/ പദാർത്ഥങ്ങൾ ഉപയോഗിച്ച് നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഫ്ലക്സ് പ്രിന്റിംഗ് മെഷീനിൽ തന്നെ ബാനറുകളും മറ്റും പ്രിന്റ് ചെയ്യുവാൻ സാധിക്കുന്നതിനാൽ തൊഴിൽ നഷ്ടം ഉണ്ടാകുന്നില്ല.

10. മേൽ വിവരിച്ച റിപ്പോർട്ടുകളുടെയും യോഗനടപടിക്രമങ്ങളുടെയും അടിസ്ഥാനത്തിൽ ആരോഗ്യ-പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന പി.വി.സി. ഫ്ലക്സ് നിരോധിച്ച് ഉത്തരവാകുന്നു. ഇത് സംബന്ധിച്ച് താഴെപ്പറയുന്ന നടപടിക്രമങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

(1) സർക്കാർ പരിപാടികൾ, സ്വകാര്യ പരിപാടികൾ, മതപരമായ ചടങ്ങുകൾ, സിനിമ, തിരഞ്ഞെടുപ്പ് പ്രചരണം, മറ്റു പരസ്യങ്ങൾ ഉൾപ്പെടെ യാതൊരുവിധ പ്രചാരണത്തിനും പി.വി.സി ഫ്ലക്സ് ഉപയോഗിക്കുവാനോ പ്രിന്റ് ചെയ്യുവാനോ പാടില്ല. പകരം പരിസ്ഥിതി സൗഹൃദവും പുന:ചംക്രമണം ചെയ്യാൻ സാധിക്കുന്നതുമായ വസ്തുക്കൾ ഉപയോഗിച്ചുള്ള പ്രിന്റിംഗ് പ്രോത്സാഹിപ്പിക്കണം.

(2) പി.വി.സി. ഫ്ലക്സിന് പകരമായി, തുണി, പേപ്പർ, പോളി എത്തിലീൻ തുടങ്ങി പുന:ചംക്രമണം സാദ്ധ്യമായ വസ്തുക്കൾ ഉപയോഗിച്ച് അച്ചടിക്കുന്ന ബാനറുകളോ പരസ്യബോർഡുകളോ മാത്രമെ പരസ്യ പ്രചാരണങ്ങൾക്ക് ഉപയോഗിക്കാൻ പാടുള്ളൂ. പ്ലാസ്റ്റിക് കോട്ടിങ് ഉള്ള ക്ലോത്ത് ഉപയോഗിക്കാൻ പാടില്ല.

(3) ഇത്തരം മെറ്റീരിയലിൽ പ്രിന്റ് ചെയ്യുമ്പോൾ 'റീസൈക്ലബിൾ, പി.വി.സി ഫ്രീ' എന്ന ലോഗോയും, ഉപയോഗം അവസാനിക്കുന്ന തീയതിയും (Expiry Date) പ്രിന്റ് ചെയ്യുന്ന സ്ഥാപനത്തിന്റെ പേരും, പ്രിന്റിംഗ് നമ്പരും നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്. ഈ നമ്പർ പ്രകാരം പ്രിന്റ് ചെയ്യുന്ന ഉപഭോക്താവിന്റെ മുഴുവൻ വിവരവും സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതുമാണ്. തീയതി വച്ചുള്ള പ്രോഗ്രാം ബാനറുകൾക്ക് പ്രോഗ്രാം അവസാനിക്കുന്ന തീയതി ഉപയോഗം അവസാനിക്കുന്ന തീയതിയായും, തീയതി വയ്ക്കാത്ത സ്ഥാപനങ്ങളുടേയും മറ്റും പരസ്യങ്ങൾക്ക് പരമാവധി 90 ദിവസം പിന്നിട്ടുള്ള തീയതി ഉപയോഗം അവസാനിക്കുന്ന തീയതിയായും നിശ്ചയിക്കേണ്ടതും ഇങ്ങനെ പ്രദർശിപ്പിക്കുന്ന ബോർഡുകൾ/ ബാനറുകൾ എന്നിവ ഉപയോഗം അവസാനിക്കുന്ന തീയതിക്കു ശേഷം പരമാവധി ഏഴ് ദിവസത്തിനുള്ളിൽ സ്ഥാപിച്ചവർ തന്നെ നീക്കം ചെയ്യേണ്ടതുമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതിയോടെ സ്ഥാപിച്ചിട്ടുള്ള നിലവിലുള്ള പരസ്യബോർഡുകൾക്കും ഈ വ്യവസ്ഥ ബാധകമായിരിക്കും. അപ്രകാരം ചെയ്യാത്ത പക്ഷം ബോർഡ് സ്ഥാപിച്ചവരിൽ നിന്ന് സ്ക്വയർഫീറ്റിന് 20/- രൂപ നിരക്കിൽ പിഴ കൂടാതെ ഡിസ്മാന്റിലിങ് ചാർജ്ജും കൺവെയൻസ് ചാർജ്ജും അതത് നഗരസഭ/ ഗ്രാമപഞ്ചായത്ത് ഈടാക്കേണ്ടതാണ്.

(4) സംസ്ഥാനത്തെ മുഴുവൻ പരസ്യ പ്രിന്റിംഗ് സ്ഥാപനങ്ങളിലും **പുന:ചംക്രമണം ചെയ്യാവുന്ന വസ്തുക്കൾ ഉപയോഗിച്ചുള്ള പ്രിന്റിംഗ് ജോലികൾ മാത്രമെ ഏറ്റെടുക്കുകയുള്ളൂ** എന്ന് പൊതുജനശ്രദ്ധ വരത്തക്കവിധം പ്രദർശിപ്പിക്കേണ്ടതാണ്.

(5) ഈ ഉത്തരവിനു ശേഷം പി.വി.സി. ഫ്ലക്സിൽ പ്രിന്റ് ചെയ്ത ബാനർ/ ബോർഡ് സ്ഥാപിക്കുന്ന വ്യക്തി/ സ്ഥാപനത്തിന് നോട്ടീസ് നൽകി പ്രിന്റ് ചെയ്ത് നല്കിയ സ്ഥാപനത്തിന്റെ വിവരം ശേഖരിച്ച് പ്രിന്റ് ചെയ്തവരിൽ നിന്നും ആദ്യപടിയായി സ്ക്വയർ ഫീറ്റിന് 20/- രൂപ നിരക്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പിഴ ഈടാക്കേണ്ടതാണ്. ഇത്തരം നിയമവിരുദ്ധമായ പ്രവൃത്തികൾ തുടരുകയാണെങ്കിൽ അത്തരം സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദ് ചെയ്യേണ്ടതാണ്.

11. മേൽപ്പറഞ്ഞ നടപടിക്രമങ്ങൾ പാലിക്കുന്നുണ്ടെന്ന് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ. മിത്ര റ്റി.**
അഡീഷണൽ സെക്രട്ടറി & സെക്രട്ടറി
തദ്ദേശസ്വയംഭരണ (അർബൻ) വകുപ്പ് (ഇൻ-ചാർജ്ജ്)

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും സെക്രട്ടറിമാർക്കും.
സ്റ്റേറ്റ് പൊലീസ് ചീഫ്, കേരളം, തിരുവനന്തപുരം.
എല്ലാ വകുപ്പ് അദ്ധ്യക്ഷൻമാർക്കും.
എല്ലാ ജില്ലാകളക്ടർമാർക്കും.
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും. (ബന്ധപ്പെട്ട ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ/എൽ.ബി.എ), തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ, തിരുവനന്തപുരം.
ചെയർമാൻ, മലിനീകരണ നിയന്ത്രണ ബോർഡ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ. & പി. ആർ. ഡി. - വെബ് & ന്യൂ മീഡിയ.
തദ്ദേശ സ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
കരുതൽ ഫയൽ/ഓഫീസ് കോപ്പി. (നം.ആർ.സി.2/359/2017/ത.സ്വ.ഭ.വ.)

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

File No.ENVT-B2/29/2020-ENVT

**GOVERNMENT OF KERALA**

**Abstract**

Environment Department- Ban on single use plastic items in the State w.e.f. 1.1.2020 - further clarifications- Orders issued

**ENVIRONMENT(B) DEPARTMENT**

G.O.(Ms)No.4/2020/ENVT Dated,Thiruvananthapuram, 16/02/2020

Read 1. G.O(MS) NO 111/2019/LSGD dt 29.8.2019
2. G.O(MS) No 6/2019/Envt dt 27.11.2019
3. G.O(MS) No 7/2019/Envt dt 17.12.2019
4. G.O(RT) 128/2019/Envt dt 31.12.2019
5. G.O(RT) No.6/2020/Envt dt 17.1.2020
6 G.O(RT) 9/2020/Envt dt 23.1.2020
7. G.O(MS) NO. 2/2020/Envt dt 27.01.2020

**ORDER**

1. State Government had imposed a blanket ban on sale, manufacture, transport and storage of single use plastic items in the State w.e.f. 1.1.2020 vide G.O read as 2nd paper above. It was also ordered that compostable/bio-degradable materials having specification as stipulated in the Plastic Waste Management Rules 2016 could be used as a replacement/substitute for the banned single use plastic. KSPCB was authorized vide GO read as 4th paper above to do tests and verify the degradability of the compostable product and submit recommendations to Government.

2. It is now noticed that large quantities of fake compostable carry bags are entering the market circumventing the plastic ban. The public and shop owners are generally unable to distinguish them, defeating the very intention of Government to get rid of plastic from the State. In the above context, State Government vide G.O read as 7th paper above have issued further clarification listing out the alternative materials that could be used as substitutes for banned single use plastic items. Accordingly carry bags whether made of compostable materials or other materials were banned and instead only cloth or paper bags are allowed to be used as carry bags.

3. In the case of hoardings, Government have already issued detailed order vide G .O read as 1st paper above banning the use of Flex/PVC materials and replacing them with Cloth or Poly Ethylene materials only. It was clearly mentioned in the order that plastic coated cloth cannot be used. But plastic coated cloth like polyster/nylon/korean cloth continue to be used for hoardings which cannot be allowed.

4. Meanwhile Government have been receiving numerous representations from various quarters seeking clarifications/suggestions/recommendations on the banned items. In

order to consider the various issues raised in these representations and to review the general situation after the plastic ban, a Task Force was constituted vide G.O read as 5th and 6th paper above. The Task force met on 28.1.2020 and 4.2.2020 and considered all the issues that were raised after the plastic ban.

5. Based on the decisions taken by the Task Force, Government hereby reiterate and issue further clarification/order as follows:

i) **There is a complete ban on carry bags even those made of compostable materials in the State and only cloth and paper bags <u>free from plastic coating</u> should be used as carry bags.**

ii) Plastic/plastic coated leaves used as plates are banned from the date of this order

iii) All product attached straws and other such items that are part of branded product packaging are exempted from the ban and they come under the purview of EPR.

iv) Plastic sapling bags are banned. It should be substituted with non plastic materials. For Grow bags, compostable materials can be used.

v) Garbage bags made of Compostable materials alone should be used for collecting/segregating biomedical waste.

vi) In the wake of fake compostable products entering the market, random checks shall be done on such products (products that are allowed to use compostable materials as per G.O(MS)No.2/2020/Envt dt 27.01.2020) and the authenticity/biodegradability of the products shall be tested in the labs of NIIST, IIST and KSPCB authorized labs.

vii) Compostable products should bear the details of the company that manufacture it the agency that market it, the material specification, date of manufacture, batch no, CPCB approval details with license no. and validity etc in the form of QR code. The product shall bear the title 'this is a purely compostable product' written in English and Malayalam. The product should dissolve in Dichloromethane (Methylene dichloride) and this shall be indicated in the packaging as a preliminary test for identification.

viii) With regard to the hoardings and usage of alternative materials in place of banned Flex/PVC hoardings the following guidelines are issued

1. **The use of plastic coated cloth material for hoarding is strictly banned and only cloth (plastic free), paper (plastic free) and Poly Ethylene material should be used for hoardings as a substitute of flex/pvc hoardings.** While printing, it should carry the logos 'recyclable, pvc free' expiry date , name of the printing unit and printing no. The details of the consumer must be registered in the shop. For banners carrying programme details, they shall be deemed to expire after the programme date and those banners/hoardings having no expiry date are deemed to expire after 30 days and will have to be removed by the installing agency.

2. All the printing units in the State should publicize that only compostable materials will be used for printing purpose and this must be exhibited.

3. Those found to be violating the Government order will be liable to pay fine as specified in the G.O read as 1st and 2nd above, eventually leading to cancellation of license

(By order of the Governor)
**DR. USHA TITUS**
**PRINCIPAL SECRETARY**

To:

1. The Secretary, Ministry of Environment and Climate Change, Govt of Indi
2. All the District Collectors
3. All the Department Heads
4. All Heads of Public Sector Units /Autonomous bodies
5. The Secretary to Governor, Raj Bhavan, Thiruvananthapuram
6. The Secretary, Legislative Assembly, Thiruvananthapuram
7. The Secretary, Kerala Public Service Commission
8. The Registrar, Kerala Administrative Tribunal (including covering letter)
9. The Registrar, Kerala High Court, Ernakulam
10. The Registrar, Kerala Lokayuktha, Thiruvananthapuram
11. The Member Secretary, State Planning Board, Pattom, Thiruvananthapuram
12. The Secretary, State Information Commission, Thiruvananthapuram
13. The Registrar, Kerala/Calicut/CUSAT/Kannur/Mahatma Gandhi Universities

14. The Registrar, Kerala Agriculture University, Mannuthy, Thrissur

15. The Registrar, Sree Sankaracharya Sanskrit University, Kalady P.O, Ernakulam

16. The Registrar, Kerala University of Health and Allied Science, Thrissur – 680596

17. The Registrar, Kerala Vetinary & Animal Husbandry Science University, Pookode, Wayanad

18. The Registrar,Kerala University of Fisheries and Ocean Studies, Panangad, Kochi

19. The Member Secretary, Central Pollution Control Board

20. The Member Secretary, State Pollution Control Board

21. The Managing Director, Clean Kerala Company

22. Executive Director, Suchitwa Mission

23. CIPET (Institute of Plastic Technology), Kochi

24. Kerala Plastic Manufacturers Association

25. All Depts in Government Secretariat (to give direction to all institutions under their control)

26. General Administration (SC) Department

27. Stock File/Office Copy (Envt.B2/198/2018-Envt)

Copy to:-

1. Private Secretary to Chief Minister

2. Private Secretary to Chief Secretar

3. . PA to Principal Secretary

Forwarded /By order

Section Officer

| | | |
|---|---|---|
| A | **Both Branded and Non-branded compostable alternatives/substitutes are banned for the following items** | Recommended non-plastic substitutes |
| | 1. Carry bags irrespective of thickness, made of plastic | Cloth, paper bags |
| | 2. Sheets made of plastic, for single-use spread on tables in function venues, spread on plates while serving food. | |
| | 3. Plates, cups and decorative materials made of styrofoam or Thermocol | Paper spread |
| | 4. Single-use utensils like cups, plates, dishes, spoons, forks, straw, stirrer, made of plastic | Glass, ceramic, steel, cups, plates, paper and plant-based decorations |
| | 5. Non-woven bags, plastic flags, plastic bunting | Glass, ceramic, steel, wooden cups, plates, dishes, spoons, forks, straw, stirrer |
| | 6. Plastic packets for packing fruits and vegetables | Cloth and paper bags, flags and bunting |
| | 7. Plastic drinking water pouches | |
| | 8. PET/PETE drinking water bottles less than 500 ml | Paper and cloth bags |
| | | Banned, no substitute |
| B | **Banned items for which compostable substitutes can be used** | Recommended Compostable substitute |

നം.639/2023/LSGD

295
21/03/2023

KERALA STATE POLLUTION ...
HEAD OFFICE
THIRUVANANTHAPURAM
21 MAR 2023
150 YEARS OF CELEBRATING THE MAHATMA

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ്- അനധികൃത പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതുമായും, ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കുകളുടെ നിരോധനവുമായും ബന്ധപ്പെട്ട് വിവിധ ഉത്തരവുകളിലെ വ്യവസ്ഥകൾ ഉൾപ്പെടുത്തി ഏകീകരിച്ച മാർഗ്ഗനിർദ്ദേശം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്**

സ.ഉ.(സാധാ) നം.639/2023/LSGD തീയതി,തിരുവനന്തപുരം, 17-03-2023

---

പരാമർശം:- 1. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 06/11/2022 ലെ 3304/G/2016/SM -BAN നമ്പർ കത്ത്

<u>ഉത്തരവ്</u>

തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ അനധികൃത പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടും, ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കുകളുടെ നിരോധനവുമായി ബന്ധപ്പെട്ടും ഉള്ള വിവിധ ഉത്തരവുകളിലെ വ്യവസ്ഥകൾ ഉൾപ്പെടുത്തി ഏകീകരിച്ച മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നതിനുള്ള പ്രൊപ്പോസൽ പരാമർശം 1 പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ അനധികൃത പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടും, ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കുകളുടെ നിരോധനവുമായി ബന്ധപ്പെട്ടും ഉള്ള വിവിധ ഉത്തരവുകളിലെ വ്യവസ്ഥകൾ ഉൾപ്പെടുത്തി ഒറ്റ മാർഗ്ഗനിർദ്ദേശം, ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നത് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHERLI P
സ്പെഷ്യൽ സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, പരിസ്ഥിതി വകുപ്പ്
പ്രിൻസിപ്പൽ ഡയറക്ടർ, LSGD, സ്വരാജ് ഭവൻ, തിരുവനന്തപുരം
ഡയറക്ടർ (Urban), LSGD, തിരുവനന്തപുരം
ഡയറക്ടർ (Rural), LSGD, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ,തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഹരിത കേരള മിഷൻ,തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ

സ.ഉ.(സാധാ) നം.639/2023/LSGD

മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്,തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫൊർമേഷൻ കേരള മിഷൻ
ഡയറക്ടർ(I&PRD), വെബ് & മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Prasanth C
സെക്ഷൻ ഓഫീസർ
Date: 17-03-2023 17:38:50

പകർപ്പ്

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സ്.ന്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ. ക്ക്

**തദ്ദേശ സ്ഥാപന പരിധിയിൽ അനധികൃത പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടും ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കുകളുടെ നിരോധനവുമായി ബന്ധപ്പെട്ടുമുള്ള ഉത്തരവുകളിലെ വ്യവസ്ഥകൾ ഉൾപ്പെടുത്തികൊണ്ടുള്ള മാർഗ്ഗനിർദ്ദേശം.**

1. 29.08.2019 തീയതിയിലെ സ.ഉ.(എം.എസ്.) നം.111/2019/തസ്വഭവ., 16.02.2020 തീയതിയിലെ സ.ഉ.(എം.എസ്.) നം.04/2020/പരി ഉത്തരവുകൾ പ്രകാരം പരസ്യ പ്രചാരണ ബാനറുകൾ, ബോർഡുകൾ, ഹോർഡിങ്ങുകൾ, ഷോപ്പ് ബോർഡുകൾ, തുടങ്ങിയവയ്ക്ക് പിവിസി ഫ്ളക്സ്, പോളിസ്റ്റർ, നൈലോൺ, കൊറിയൻ ക്ലോത്ത്, പ്ലാസ്റ്റിക്ക് കോട്ടിങ്ങുള്ള തുണി എന്നിവ ഉപയോഗിക്കാൻ പാടില്ല

2. സർക്കാർ നിർദ്ദേശിച്ചതും 100% കോട്ടൻ പ്ലാസ്റ്റിക്ക് ഇല്ലാത്ത പേപ്പർ, റിസൈക്കിൾ ചെയ്യാവുന്ന പോളി എത്തിലിൻ (EPR Registration നമ്പറും കാലാവധിയും) , എന്നിവയിൽ പി.വി.സി ഫ്രീ, റീസൈക്ലബിൾ ലോഗോയും യൂണിറ്റിന്റെ പേരും നമ്പറും മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള സർട്ടിഫിക്കറ്റ് നമ്പർ / QR കോഡ് എന്നിവ പതിച്ചു കൊണ്ട് മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.

3. സർക്കാർ നിർദ്ദേശിച്ച കോട്ടൻ, പോളി എത്തിലിൻ, എന്നിവ നിർമ്മിക്കുന്ന /വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡ് മുഖാന്തിരം സാമ്പിളുകൾ സമർപ്പിക്കേണ്ടതും യഥാക്രമം കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ ടെക്സ്റ്റൈൽ കമ്മിറ്റിയിൽ നിന്നും ടെസ്റ്റ് ചെയ്ത് "100% കോട്ടൻ" എന്ന് സാക്ഷ്യപ്പെടുത്തിയതും CIPET നിന്നും പിവിസി ഫ്രീ, റീസൈക്ലബിൾ പോളിഎത്തിലീൻ" എന്ന് സാക്ഷ്യപ്പെടുത്തിയതും ആയ വസ്തുക്കൾ മാത്രമേ വില്പന നടത്താൻ പാടുള്ളൂ

4. പൊതു ജനങ്ങളിൽ നിന്നും ആയത് സംബന്ധിച്ച് പരാതി ഉണ്ടാകുന്ന പക്ഷം, CIPET/ടെക്സ്റ്റൈൽ കമ്മിറ്റി മുഖേന സാമ്പിൾ ടെസ്റ്റ് ചെയ്യുന്നതിലേക്ക് KSPCB ക്ക് ആവശ്യമായി വരുന്ന ചെലവ് പരാതിക്കാരൻ വഹിക്കേണ്ടതാണ്. പരാതി വാസ്തവമാണെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം പരാതിക്കാരനിൽ നിന്ന് ഈടാക്കിയ തുക പ്രിൻറിങ് യൂണിറ്റിൽ നിന്നും (പ്രിന്റിങ് യൂണിറ്റിന്റെ വിവരം ലഭ്യമല്ലാത്ത പക്ഷം പരസ്യം നൽകുന്ന സ്ഥാപനം വ്യക്തിയിൽ നിന്നും) ഈടാക്കി പരാതിക്കാരന് മടക്കി നൽകേണ്ടതാണ്.

5. സംസ്ഥാനത്തെ മുഴുവൻ പരസ്യ പ്രിന്റിങ് സ്ഥാപനങ്ങളിലും "മലിനീകരണ നിയന്ത്രണ ബോർഡ് സർട്ടിഫൈ ചെയ്ത പുനചംക്രമണം ചെയ്യാവുന്ന പോളി എത്തിലിൻ, 100% കോട്ടൻ എന്നിവ ഉപയോഗിച്ചുള്ള പ്രിന്റിങ് ജോലികൾ മാത്രമേ ഏറ്റെടുക്കുകയുള്ളൂ. ഉപയോഗശേഷമുള്ള പോളി എത്തിലിൻ റീസൈക്ലിങിനായി ഈ സ്ഥാപനത്തിൽ തിരിച്ചേല്പിക്കേണ്ടതാണ്" എന്ന് പൊതുജന ശ്രദ്ധ വരത്തക്കവിധം പ്രദർശിപ്പിക്കേണ്ടതാണ്.

6. പ്രോഗ്രാം ഡീറ്റൈൽസ് അടങ്ങിയ ബാനർ ബോർഡുകൾ പ്രോഗ്രാമിന്റെ തീയതിക്ക് അടുത്ത ദിവസവും, തീയതി വയ്ക്കാത്ത സ്ഥാപനങ്ങളുടെയും മറ്റും പരസ്യ ബാനർ, ബോർഡുകൾക്ക് പരമാവധി 30 ദിവസമായി കണക്കാക്കി സ്ഥാപിച്ചവർ തന്നെ 7 ദിവസത്തിനുള്ളിൽ നീക്കം ചെയ്യേണ്ടതാണ്.

7. അപ്രകാരം ചെയ്യാത്ത പക്ഷം സ്ഥാപിച്ചവരിൽ നിന്ന് കുറഞ്ഞത് സ്ക്വയർ ഫീറ്റിന് 20 രൂപ നിരക്കിൽ പിഴയും കൂടാതെ ഡിസ്മാന്റിലിങ് ചാർജ് (നീക്കം ചെയ്യുന്നതിനും, ട്രാൻസ്പോർട്ടേഷൻ ചാർജ്ജസ്, പ്രോസസ്സിംഗ്/ഡിസ്പോസൽ ചാർജ്ജസ് ഉൾപ്പെടെ) ഈടാക്കിക്കൊണ്ട് അതത് നഗരസഭ/ ഗ്രാമപഞ്ചായത്ത് നീക്കം ചെയ്യേണ്ടതാണ്.

8. ഉപയോഗശേഷമുള്ള പോളി എത്തിലീൻ ഷീറ്റ് പ്രിന്റിങ് യൂണിറ്റിലേക്ക് തന്നെയോ, അംഗീകൃത റീസൈക്ലിങ്ങ് യൂണിറ്റിലേക്കോ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഹരിത കർമ്മ സേനയ്ക്ക് ക്ലീൻ കേരള കമ്പനിക്ക് യൂസർ ഫീ നൽകിക്കൊണ്ട് റീസൈക്ലിങിനായി തിരിച്ചേല്പിക്കേണ്ടതാണ്. ഹരിത കർമ്മസേന റീസൈക്ലിങിനായി അംഗീകൃത ഏജൻസികൾക്ക് നൽകി കൊണ്ട് പരസ്യ പ്രിന്റിങ് മേഖലയിൽ സീറോ വേസ്റ്റ് ഉറപ്പ് വരുത്തേണ്ടതാണ്.

9. 29.08.2019 തീയതിയിലെ സ.ഉ.(എം.എസ്.) നം.111/2019/തസ്വഭവ., 16.02.2020 തീയതിയിലെ സ.ഉ.(എം.എസ്.) നം.04/2020/പരി ഉത്തരവുകൾ പ്രകാരം പരസ്യ പ്രചാരണ ബോർഡുകളിൽ പിവിസി ഫ്രീ ലോഗോയും പ്രിന്റിങ് യൂണിറ്റിന്റെ പേരും നമ്പറും പതിക്കൽ നിർബന്ധമാണ്. ഇത്തരത്തിൽ പിവിസി ഫ്രീ, റീസൈക്ലബിൾ ലോഗോയും പ്രിന്റിങ് യൂണിറ്റിന്റെ പേരും നമ്പറും, രണ്ടും പതിക്കാതെ സ്ഥാപിച്ചിട്ടുള്ളതും പിവിസി ഫ്ളക്സ്, പോളിസ്റ്റർ, നൈലോൺ, കൊറിയൻ ക്ലോത്ത്, പ്ലാസ്റ്റിക്ക് കോട്ടിങ്ങുള്ള തുണി തുടങ്ങിയ നിരോധിത വസ്തുക്കളിൽ സ്ഥാപിച്ചിട്ടുള്ളതുമായ മുഴുവൻ പരസ്യ പ്രചാരണ ബോർഡുകൾ, ഹോർഡിങ്ങുകൾ, ഷോപ്പ് ബോർഡുകൾ തുടങ്ങിയവ നിയമ വിരുദ്ധമായി കണ്ട്, ഉത്തരവ് തീയതി മുതൽ 30 ദിവസത്തിനകം തദ്ദേശ സ്വയംഭരണ സ്ഥാപനം എടുത്ത് മാറ്റേണ്ടതാണ്.

10. നിരോധിത പ്രിന്റിംഗ് മെറ്റീരിയലുകളിൽ നിയമ പാലകരെ തെറ്റിദ്ധരിപ്പിക്കും വിധം പിവിസി ഫ്രീ, റീസൈക്ലബിൾ ലോഗോയും പ്രിന്റിങ് യൂണിറ്റിന്റെ പേരും പതിച്ച് കൊണ്ടുള്ള പരസ്യ പ്രചാരണ ബോർഡുകൾ, ഹോർഡിങ്ങുകൾ, ഷോപ്പ് ബോർഡുകൾ സ്ഥാപിച്ചതായി കണ്ടെത്തുന്ന പക്ഷം പ്രിന്റ് ചെയ്ത സ്ഥാപനത്തിന്റെ, പരസ്യ ബോർഡുകൾ സ്ഥാപിക്കുന്ന ഏജൻസിയുടെ ലൈസൻസ് /പെർമിറ്റ് റദ്ദ് ചെയ്യേണ്ടതാണ്.

11. മലിനീകരണ നിയന്ത്രണ ബോർഡിന്റെ 10.01.2021 തീയതിയിലെ പിസിബി/എച്ച്ഒ/എസ്ഇഇ3/ടെക്/ 91/2020 നമ്പർ സർക്കുലർ കാലാകാലങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നത് പ്രകാരമുള്ള അംഗീകൃത പ്രിന്റിങ് മെറ്റീരിയൽ ഡീലർ സ്ഥാപനങ്ങളിൽ പരിശോധന നടത്തി നിരോധിത വസ്തുക്കൾ വിലപ്പന നടത്തുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

12. നിയമ വിരുദ്ധമായി സ്ഥാപിക്കുന്ന ബോർഡുകൾ, ഹോർഡിങ്ങുകൾ, ഷോപ്പ് ബോർഡുകൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതിപ്പെടാനുള്ള പരാതി സെൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും, ജില്ലാ ശുചിത്വ മിഷനുകളിലും രൂപീകരിക്കേണ്ടതാണ്.

13. "പരസ്യ - പ്രചാരണ ബോർഡുകൾ, ബാനറുകൾ, ഹോർഡിങ്ങുകൾ എന്നിവ സ്ഥാപിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അനുമതി ആവശ്യമാണെന്ന്" എന്ന് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ പരസ്യപ്പെടുത്തേണ്ടതും, അനുമതിക്കായി സമർപ്പിക്കുന്ന അപേക്ഷകൾ

സംബന്ധിച്ച് താഴെ പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതുമാണ്.

1. 29.08.2019 തീയതിയിലെ സ.ഉ.(എം.എസ്.) നം.111/2019/തസ്വഭവ. ഉത്തരവ് പ്രകാരമോ പരമാവധി ഒരു സാമ്പത്തിക വർഷത്തേക്കോ ആണ് അനുമതി നൽകേണ്ടത്

2. അപേക്ഷകനിൽ നിന്നും 200 രൂപ മുദ്രപത്രത്തിൽ "പരസ്യ പ്രചാരണ ബാനറുകൾ, ബോർഡുകൾ, ഹോർഡിങ്ങുകൾ, കമാനങ്ങൾ മുതലായവ പൊതുനിരത്തുകളിൽ സ്ഥാപിച്ചതുമൂലം എന്തെങ്കിലും അപകടം സംഭവിച്ചാൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്തവും, നഷ്ടപരിഹാരം നൽകേണ്ടി വന്നാൽ അതിന്റെ പൂർണ്ണ ബാധ്യതയും ഏറ്റെടുത്തുകൊള്ളാമെന്നും, പരസ്യ പ്രചാരണ ബോർഡുകൾ, ബാനറുകൾ, ഷോപ്പ് ബോർഡുകൾ, ഹോർഡിങ്ങുകൾ തുടങ്ങിയവയിൽ നിരോധിത പിവിസി ഫ്ളക്സ് പോളിസ്റ്റർ, നൈലോൺ, കൊറിയൻ ക്ലോത്ത് എന്നിവ ഉപയോഗിക്കില്ലെന്നും, സർക്കാർ നിർദ്ദേശിച്ചതും മലിനീകരണ നിയന്ത്രണ ബോർഡ് സർട്ടിഫൈ ചെയ്തതുമായ 100% കോട്ടൻ /പേപ്പർ /റീസൈക്കിൾ ചെയ്യാവുന്ന പോളി എത്തിലിൻ എന്നിവയിൽ പിവിസി ഫ്രീ, റീസൈക്ലബിൾ ലോഗോയും പ്രിന്റിങ് യൂണിറ്റിന്റെ പേരും നമ്പറും പതിച്ച് കൊണ്ടുള്ള പ്രിന്റുകൾ മാത്രമേ ഉപയോഗിക്കുകയുള്ളൂ എന്നും, കാലാവധി കഴിഞ്ഞാൽ സ്വന്തം ചെലവിലും ഉത്തരവാദിത്തത്തിലും ആയത് എടുത്ത് മാറ്റുന്നതാണെന്നും ഇതിനാൽ സത്യപ്രസ്താവന ചെയ്യുന്നു. വീഴ്ച വരുത്തിയാൽ എന്റെ പേരിലുള്ള ലൈസൻസ്/രജിസ്ട്രേഷൻ/ പെർമിറ്റ് മുന്നറിയിപ്പില്ലാതെ റദ്ദ് ചെയ്യപ്പെടുമെന്നും നിയമ നടപടി നേരിടേണ്ടിവരുമെന്നതും എനിക്ക് അറിവുള്ളതാണ്. " എന്ന സത്യവാങ്മൂലം/ കരാർ എഴുതി വാങ്ങേണ്ടതും അനുമതി നമ്പർ (MM/YYYY/NUMBER) നൽകേണ്ടതുമാണ്.

3. തദ്ദേശ സ്ഥാപനങ്ങളിൽ നിന്നുള്ള അനുമതി നമ്പർ പരസ്യ പ്രചാരണ ബോർഡുകൾ/ ഹോർഡിങ്ങുകളുടെ താഴെ വലതു വശത്തായി പ്രദർശിപ്പിക്കേണ്ടതാണെന്ന നിബന്ധന അനുമതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

4. നിലവിലെ ബോർഡുകൾക്ക് അനുവദിച്ച കാലയളവിന് ശേഷം, സ്ഥാപനങ്ങളിൽ നിന്നുള്ള അനുമതി നമ്പർ പതിക്കാതെ സ്ഥാപിച്ച മുഴുവൻ ബോർഡുകളും ഹോർഡിങ്ങുകളും നിയമ വിരുദ്ധമായി കണ്ട് മാറ്റാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

5. അപേക്ഷയോടൊപ്പം സ്ഥാപിക്കുന്ന സ്ഥലം സ്ഥല ഉടമയുടെ വിശദാംശങ്ങൾ സമ്മതപത്രം, ലൊക്കേഷൻ പ്ലാൻ, പരസ്യത്തിന്റെ വിസ്തീർണ്ണം, എഗ്രിമെന്റ്, ക്ഷമതയുള്ള അധികാരിയുടെ സ്ട്രക്ച്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ്, ഇൻഷുറൻസ് സർട്ടിഫിക്കറ്റ്, സ്ഥാപിക്കുന്ന കാലയളവ്, ഒന്നിലധികം സാമ്പത്തിക വർഷത്തേക്കാണെങ്കിൽ അടുത്ത സാമ്പത്തിക വർഷം അപേക്ഷ പുതുക്കുന്നതാണെന്ന സാക്ഷ്യപത്രം എന്നിവ ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

6 . പരസ്യ പ്രചരണ ബോർഡിന് /ഹോർഡിങിന് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കിയശേഷം മാത്രം അനുമതി നൽകേണ്ടതാണ്.

7 . മുനിസിപ്പൽ കോർപറേഷൻ പരസ്യ ചട്ടങ്ങളിൽ ഭേദഗതി ചെയ്ത് കൊണ്ടുള്ള 25.02.2021 തീയതിയിലെ 15/2021/ത.സ്വ.ഭ.വ നമ്പർ വിജ്ഞാപനം പ്രകാരമുള്ള ഫീസും മാനദണ്ഡങ്ങളും അനുസരിച്ച് മാത്രം മുനിസിപ്പാലിറ്റി മുനിസിപ്പൽ കോർപറേഷൻ പരിധികളിൽ പരസ്യ പ്രചാരണ കമാനങ്ങൾ, ബോർഡുകൾ, ഹോർഡിങ്ങുകൾ, ഷോപ്പ് ബോർഡുകൾ തുടങ്ങിയവ സ്ഥാപിക്കുകയുള്ളൂ എന്ന് ഉറപ്പവരുത്തുക.

8. ഷോപ്പ് ബോർഡുകൾക്ക് നിലവിലെ ലൈസൻസ് പുതുക്കി നൽകുമ്പോഴും പുതുതായി ലൈസൻസ് നൽകുമ്പോഴും 100% കോട്ടൻ, പോളി എത്തിലിൻ എന്നിവയിൽ നിയമം അനുശാസിക്കുന്ന രീതിയിൽ പിവിസി ഫ്രീ, റീസൈക്ലബിൾ ലോഗോയും പ്രിന്റിങ് യൂണിറ്റിന്റെ പേരും മറ്റും പതിച്ച് കൊണ്ട് സ്ഥാപിച്ചതാണെന്ന് ഉറപ്പ് വരുത്തിയതിന് ശേഷം മാത്രം ലൈസൻസ് അനുവദിക്കുക.

14 . ലോഗോ, പ്രിന്റിങ് യൂണിറ്റിന്റെ പേര് തുടങ്ങിയ വ്യവസ്ഥകൾ പാലിക്കാതെയും നിരോധിത വസ്തുക്കളിൽ പ്രിന്റ് ചെയ്യുകയോ/സ്ഥാപിക്കുകയോ ചെയ്യുന്ന സ്ഥാപനങ്ങൾക്കെതിരെ 27.11.2019-ലെ സ.ഉ.(എം.എസ്.) നം. 06/2019/പരി സർക്കാർ ഉത്തരവ് പ്രകാരമുള്ള പിഴ ഈടാക്കേണ്ടതാണ്

1 5 പരസ്യ പ്രചാരണ മേഖലയുമായി ബന്ധപ്പെട്ടുള്ള മേൽ നിർദ്ദേശങ്ങൾ പൊതുജനത്തിന്റെ/ബന്ധപ്പെട്ടവരുടെ അറിവിലേക്ക് എത്തിക്കുന്നതിന് ആവശ്യമായ വിവര-വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടത്തുന്നതിന് ആവശ്യമായ നടപടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്.

16. മേൽ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട് എല്ലാ മാസവും തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ LSGD ജില്ലാ ജോയിന്റ് ഡയറക്ടർമാർക്ക് സമർപ്പിക്കേണ്ടതാണ്.

17. LSGD ജില്ലാ ജോയിന്റ് ഡയറക്ടർമാർ ഈ വിഷയവുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പ്രതിമാസ റിപ്പോർട്ട് നഗരകാര്യ ഡയറക്ടർക്കും, പഞ്ചായത്ത് ഡയറക്ടർക്കും സമർപ്പിക്കേണ്ടതും ആയത് പരിശോധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ യഥാസമയം നൽകേണ്ടതുമാണ്.

SARADA MURALEEDHARAN I A S
ADDITIONAL CHIEF SECRETARY

## 1. APPLICATION FOR CERTIFCATION OF MATERIAL FOR HOARDING/ BANNER

| | |
|---|---|
| Name , Designation and full address of the Manufacturer/Manufacturing unit/distributor | |
| telephone number/Mobile No , e-mail and other contact details | |
| Business address , if any | |
| Details of Valid Consent Order ( Air & Water) from concerned SPCB/PCC (in the case of Manufacturer) | |
| Details of material manufactured/distributed | |

I, (Name and Designation) am, submitting product material along with a samples of the material (unprinted and printed samples) cut in an A3 size (2 nos) along with DD No …………….. dated ………….. of A DD for □5,000/-in favour of Kerala State Pollution Control Board payable at Thiruvananthapuram for Certification of Material For Hoarding/ Banner Material.

Signature:

Date:

Name :

Place :

Designation:

## 2. FORMAT FOR TRANSFERRING APPLICATION

File No. Date:

From

To

1) Textiles Committee Platinum,
   2nd Floor, Bank Road,
   Kannur – 670 001
   Phone: 0497-276390
   Mail : kannur.tc@nic.in

/

2) CIPET Institute of Petrochemical,
   Technology (IPT) HIL Colony,
   Edayar Road,
   Udyogamandal.P.O,
   Kochi – 683 501

Sub: Application submitted by M/s. ……………………….. – for certification of material for banner and hoarding – forwarding.

Ref: Application dated ..................

Sir,

M/s. …………………………… has submitted an application for certification of material for fixing banner and hoardings. Copy of application along with samples are forwarded herewith for analysis. Please submit a detailed report on the composition of the material sample (base material, coating, adhesive etc) for textile ; or whether the material is Polyethylene, recyclable or whether it contains any presence of PVC, along with a small piece of the material tested. Cost of analysis charge will be borne by the applicant directly.

Yours Faithfully,

**MEMBER SECRETARY**

Enclosure: As above

Copy to : M/s. ……………………….

(Please remit cost of analysis
Directly to the above agency)

## 3. FORMAT FOR CERTIFICATION OF MATERIAL

File No.: Date:

Certificate No:

To

M/s…………

Sub: Certificate to Manufacture/Distributor M/s………… (name and address) for certification of material for banner and hoarding

Ref: 1. Your application no: dated
2. Report no. -------------dated ---------------received f rom CIPET/TC
3. GO No. 639/2023/LSGD dated 17.03.2023
4. GO No. 111/2019/LSGD dated 29.08.2021
5. SOP for certification of material for banner and hoarding issued by Kerala State Pollution Control Board

With reference to the application received from M/s…………………. whose registered address is at------------------------------------ is fulfilling the standard stipulated in GOs and SOP referred above.

Certificate to M/s………… for manufacturing/Distributing material for banner and hoarding material is subject to following condition.

1. Each material shall have the information related to name and certificate number of manufacturer printed in English.
2. The manufacturer/ distributor shall prepare a QR code to the Certificate issued by the Board which on scanning has to be lead detailing the contents of the Certificate. The manufacturer/distributor shall provide this QR code to the distributors (in the case of manufacturer) and printer units.
3. The details of the QR code (email/password, Name, plant address, KSPCB certificate no. etc.) shall be shared with the printer units and KSPCB (Head Office).

4. If the certified Manufacturer/distributor is found non-complying any conditions, the Certificate shall stand cancelled.
5. The Manufacturer/ distributor shall provide six-monthly report, giving details of material sale viz. name of printing unit, district, date of issue etc.
6. PCB may cancel or suspend the certificate of the manufacturer/distributor, in case the manufacturer/distributor fails to comply with any of the conditions of the certificate.

APPROVING AUTHORITY

## **Technical Report from CIPET**

Flex banners are made up of Polyvinyl chloride (PVC) and Polyester material. These flex banners are commonly called as vinyl flex banners. Flex banners have many advantages such as light in weight, good mechanical performance, low cost and widely used for indoor and outdoor signage, building signs and in store displays, trade show displays, outdoor displays and screen printing and billboard.

### Classification

In Indian market, there are two types of flex are commonly available

- Frontlit flex
- Backlit flex

Frontlit flex is used in bill board, indoor and outdoor displays, banners, frontlit bus shelters and indoor displays, exhibition booth decoration. Backlit flex is used in backlit light boxes, billboard, large format light boxes, airport light boxes, backlit bus shelters and in-store displays.

PVC flex is available in Indian market and classified based on the GSM (gram per square meter)

- 260 GSM, 280 GSM, 300 GSM, 320 GSM, 340 GSM and 440 GSM

Based on the production process, PVC flex banners are classified as

- Flex banner with knife scrapping method
- Flex banner with calendaring method
- Legal flex banner

### Knife scrapping method

In this method PVC slurry is uniformly applied on both sides of base cloth (polyester) with a number of anti squeegee blades and then combined them through a drying process and followed by cooling.

### Calendaring method

In the calendering process, PVC powder and liquid plasticizer are mixed together, and then bonded with the base cloth by using a hot roller under pressure.

### Legal flex banner

The upper and lower layers of PVC films are bonded to the middle of the base fiber web under pressure using heated rollers and the final flex is formed by cooling.

Most of the flex banners that are available in today's market are prepared by laminating the PVC film on polyester cloth from both sides using hot rollers

### Construction of PVC flex banner

A flex banner is generally prepared by laminating a polyester fabric between two compounded PVC films, as shown below.

The commonly utilized flex banners are of 250 g per square metre (GSM) of which the top PVC film contributes around 100–120 GSM, bottom PVC film is of 85–95 GSM and the polyester fabric is about 39–45 GSM




## Formulation of PVC flex banner

The raw materials used to produce the PVC flex banner is given below (Anup et al.2018)

| Major Constituent | Composition (%) |
|---|---|
| Polyvinyl chloride (PVC) resin | 33 |
| Calcium carbonate | 36 |
| Polyester fabric | 18 |
| Plasticizers | 9 |
| Additives | 14 |